ജനുവരി – ഏപ്രിൽ 2008 11 12

# ഭാരതീയ വൈദ്യ സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ ഫോർ ആയുർവേദിക് സ്റ്റഡീസ്



## വി.എം. കുട്ടികൃഷ്ണമേനോൻ അനുസ്മരണപതിപ്പ്

2008 ജനുവരി–ഏപ്രിൽ ലക്കങ്ങൾ ഒന്നിച്ചുചേർത്ത് ഒറ്റപ്പുസ്തകമായാണ് വൈദ്യസംവാദം ഇത്തവണ പ്രസിദ്ധീകരിക്കുന്നത്. പ്രശസ്ത ആയുർവേദ വൈദ്യനും ഗവേഷകനുമായിരുന്ന ശ്രീ. വി.എം.കുട്ടികൃഷ്ണമേനോന്റെ അനുസ്മരണപ്പതിപ്പാണ് ഇത്. 2007 അദ്ദേഹത്തിന്റെ ജന്മശതാബ്ദി വർഷമായിരുന്നു. കഴിഞ്ഞ വിദ്യാരംഭദിവസം, 2007 ഒക്ടോബർ 21–ന്, അദ്ദേഹത്തിന്റെ അനുസ്മരണാർത്ഥം ചാലക്കുടിയിൽവെച്ച് ഒരു ചടങ്ങ് സംഘടിപ്പിച്ചത് ഓർക്കുമല്ലോ. വൈദ്യം പഠിയ്ക്കുകയും, പ്രാവർത്തികമാക്കുകയും മാത്രമല്ല അദ്ദേഹം ചെയ്തത്. വൈദ്യകീയ സാഹിത്യത്തിന്റെയും വൈദ്യസംബന്ധിയായ മറ്റ് വിവരസ്രോതസ്സുകളുടെയും നിലയില്ലാക്കയങ്ങളിലേയ്ക്ക് ഗവേഷണബുദ്ധിയോടെ ഊളിയിട്ടിറങ്ങാനും വിലപിടിച്ച മുത്തും പവിഴവും കണ്ടെടുക്കാനും അദ്ദേഹം നടത്തിയ ശ്രമങ്ങൾ ആരെയും അതിശയിപ്പിക്കും. ഒരുപക്ഷേ വയസ്ക്കര എൻ.എസ്. മൂസ് ആയിരിക്കും ഇക്കാര്യത്തിൽ ശ്രീ. മോനോന് ഒപ്പം നിൽക്കാവുന്ന ഒരാൾ നിരന്തരവും വിശ്രമരഹിതവുമായ അദ്ധ്വാനത്തിലൂടെ താൻ സംഭരിച്ചതത്രയും വരുംതലമുറയ്ക്കായി പകർന്നുവെയ്ക്കാൻ ശ്രീ. മേനോൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ ഓരോ ഗ്രന്ഥവും ഇതിനുള്ള സജീവസാക്ഷ്യമാവുന്നു. ആയുർവേദം ഏറ്റവും ജനകീയമായ രീതിയിൽ പ്രചരിപ്പിക്കേണ്ടതിന്റെ ആവശ്യകതയിൽ തെല്ലും സംശയമില്ലാതിരുന്നതിനാൽ ജനകീയ മാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചു. ആയുർവേദം ആക്രമിക്കപ്പെട്ടപ്പോളെല്ലാം യുക്തിഭദ്രമായ വിശദീകരണങ്ങളുടെ വലിയ പരിചയുമായി അദ്ദേഹം തടയാനെത്തി. യുക്തിയ്ക്കു നിരക്കാത്ത കാര്യങ്ങളെ, അതെത്രതന്നെ പരിഷ്ക്കാരത്തിന്റെ പേരിലായാലും അദ്ദേഹം കടന്നാക്രമിച്ചു. സമാഹരിക്കപ്പെട്ടതും

അല്ലാത്തതുമായ അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഈ ആക്രമണത്തിനും പ്രതിരോധത്തിനും മികച്ച തെളിവുകളാണ്.

സംവാദത്തിന്റെ ഈ അനുസ്മരണപ്പതിപ്പിൽ ശ്രീ. മേനോന്റെ രണ്ട് ലേഖനങ്ങൾ - വിഷവൈദ്യചിന്തകൾ, ആയുർവേദത്തിന്റെ അന്തഃസത്ത എന്നിവ - പുനഃപ്രസിദ്ധീകരിക്കുന്നുണ്ട്. സാഹിത്യ അക്കാദമി പുറത്തിറക്കിയ "കലയും വിദ്യയും കാഴ്ചപ്പാടുകളിലൂടെ" (സമ്പാ. ഡോ. സി.ആർ.രാജഗോപാലൻ) എന്ന ലേഖനസമാഹാരത്തിൽ നിന്നുള്ളതാണവ. കൈകാര്യം ചെയ്യുന്ന വിഷയത്തിൽ അദ്ദേഹത്തിനുള്ള ആഴവും പരപ്പും മനസ്സിലാക്കാൻ ഈ ലേഖനങ്ങൾ സഹായിക്കും. അഷ്ടാംഗഹൃദയം സൂത്രസ്ഥാനം ആദ്യത്തെ എട്ട് അദ്ധ്യായങ്ങളുടെ പദാനുപദ-വൃത്താനുവൃത്ത തർജ്ജമയും രഞ്ജിനീവ്യാഖ്യാനവും ശ്രീ. മേനോന്റെ 'മാസ്റ്റർ പീസാ'ണെന്നു പറയാം. ആറ് അദ്ധ്യായങ്ങൾ ഉൾപ്പെടുത്തി 1976-ൽ എൻ.ബി.എസ്. പുറത്തിറക്കിയ ആദ്യപതിപ്പിന്റെ ആമുഖം ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു. ആയുർവേദത്തിനു സംഭവിയ്ക്കാനിടയുള്ള അപചയം, പഠന-പാഠനരീതികളിൽ വരുത്തേണ്ട പരിഷ്ക്കാരം, ശാസ്ത്രത്തിന്റെ മുന്നോട്ടുപോക്ക് എന്നിങ്ങനെയുള്ള കാര്യങ്ങളിൽ കുട്ടികൃഷ്ണമേനോനുണ്ടായിരുന്ന ആകാംക്ഷയും ഉൾക്കാഴ്ചയും വ്യക്തമാക്കുന്നുവെന്നതാണ് ആ കുറിപ്പിനെ ഒരു പുനർവായനയ്ക്ക് മൂന്നു പതിറ്റാണ്ടിനുശേഷവും യോഗ്യമാക്കുന്നത്. കുട്ടികൃഷ്ണമേനോന്റെ മറ്റൊരു ഗ്രന്ഥമായ 'ചികിത്സാകൗതുക'ത്തിന് വൈദ്യഭൂഷണം കെ. രാഘവൻതിരുമുൽപ്പാട് എഴുതിയ അവതാരികയും ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥത്തെയും ഗ്രന്ഥകാരനെയും കുറിച്ചുള്ള ഒന്നാന്തരം പഠനം എന്നതിലുപരി ഈ രണ്ട് ഗുരുക്കൻമാരും തുടർന്നുപോന്നിരുന്ന ഹൃദ്യമായ വ്യക്തിബന്ധവും ആ കുറിപ്പു

കളിൽ വെളിപ്പെടുന്നു. വിഷചികിത്സ ആധാരമാക്കി ശ്രീ. മേനോൻ രചിച്ച 'ക്രിയാകൗമുദി' എന്ന ഗ്രന്ഥത്തെക്കുറിച്ചുള്ള ഒരു കുറിപ്പ് മലയാളത്തിന്റെ ബൗദ്ധികലോകം മറന്നുപോയ കുട്ടികൃഷ്ണമേനോനെക്കുറിച്ച് ശ്രീ. ഇ.ഡി. ഡേവിസ് എഴുതിയ ഒരു ഓർമ്മപ്പെടുത്തൽ, ശ്രീ. വി.സി.കൃഷ്ണൻഭട്ടതിരിപ്പാടിന്റെ 'ഗുരുസ്മരണ' എന്നിവയാണ് ഈ പ്രത്യേകപതിപ്പിലെ മറ്റുവിഭവങ്ങൾ. വി.എം. കുട്ടികൃഷ്ണമേനോന്റെ സന്തതസഹചാരിയായിരുന്നു ശ്രീ. കൃഷ്ണൻ ഭട്ടതിരിപ്പാട്. അദ്ദേഹത്തിൽനിന്നും ആയുർവേദവും വിഷവൈദ്യവും പഠിയ്ക്കുകയും, ഗവേഷണം, ഗ്രന്ഥരചന തുടങ്ങിയ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ വലംകയ്യായി പ്രവർത്തിക്കുകയും ചെയ്ത ഭട്ടതിരിപ്പാട് ഗുരുശിഷ്യ ബന്ധത്തിന് പുതിയ അർത്ഥതലങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നു. 'ചികിത്സാ കൗതുകം' സമർപ്പിക്കപ്പെട്ടിരിക്കുന്നത് ശ്രീ. കൃഷ്ണൻ ഭട്ടതിരിപ്പാടിനാണ് എന്നതിൽ നിന്നു തന്നെ ആ ബന്ധത്തിന്റെ ഉറപ്പും ആഴവും വ്യക്തമാണല്ലോ.

വൈദ്യസംവാദത്തിന്റെ പതിവുവിഭവങ്ങൾ ഈ ലക്കത്തിൽ ചേർത്തിട്ടില്ല. കഴിഞ്ഞ പുസ്തകത്തിൽ ഭാഗികമായി പ്രസിദ്ധീകരിച്ച 'ആയുർവേദത്തിന്റെ ദാർശനികമായ പശ്ചാത്തലം' എന്ന പഠനത്തിന്റെ തുടർച്ച, നീണ്ട ഇടവേള വായനയുടെ ഗരിമയ്ക്ക് ഇടിവുവരുത്തിയെങ്കിലോ എന്നു ഭയന്ന് ഉൾപ്പെടുത്തിയിട്ടുണ്ട്. ഫൗണ്ടേഷൻ നടത്തിയ കുട്ടികൃഷ്ണമേനോൻ അനുസ്മരണത്തിന്റെ ചിത്രങ്ങളോ റിപ്പോർട്ടോ ചേർക്കുന്നില്ല. മികച്ച ഒരു വായനാനുഭവമാകും എന്ന പ്രതീക്ഷയോടെ ഈ ഇരട്ടലക്കം സമർപ്പിക്കുന്നു.

എഡിറ്റർ


AHSRC, Kottakkal
കോട്ടയ്ക്കലിന്റെ സാന്ത്വനസ്പർശം
ആരോഗ്യസംരക്ഷണത്തിന് ലോകമിന്ന് ഉറ്റുനോക്കുന്നത് ആയുർവേദത്തിലേക്കാണ്. കഴിഞ്ഞ നൂറ്റാണ്ടിൽ ആയുർവേദത്തിന്റെ നവോത്ഥാനത്തിന് വഴിതെളിയിച്ചത് വൈദ്യരത്നം പി.എസ്. വാരിയർ ആണ്. 1902-ൽ അദ്ദേഹം സ്ഥാപിച്ച കോട്ടയ്ക്കൽ ആര്യവൈദ്യശാലയാണ് ലോകഭൂപടത്തിൽ ആയുർവേദത്തെ അടയാളപ്പെടുത്തിയത്.
AYURVEDA - THE AUTHENTIC WAY
Vaidyaratnam P.S. Varier's
ARYA VAIDYA SALA
(A CHARITABLE TRUST)
KOTTAKKAL-676 503, KERALA
Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / avsho@sancharnet.in Web: www.aryavaidyasala.com
ഡൽഹിയിലും കോട്ടയ്ക്കലും എറണാകുളത്തും കൊൽക്കത്തയിലും ആശുപത്രികൾ | കോട്ടയ്ക്കൽ ചാരിറ്റബിൾ ഹോസ്പിറ്റൽ | കോട്ടയ്ക്കലും കഞ്ചിക്കോട്ടും ഔഷധനിർമ്മാണഫാക്ടറികൾ | അഞ്ഞൂറിലധികം ശാസ്ത്രീയ ഔഷധങ്ങൾ | ഗവേഷണത്തിനും പ്രസിദ്ധീകരണത്തിനും പ്രത്യേകം വിഭാഗങ്ങൾ | ഔഷധത്തോട്ടങ്ങൾ | ഔഷധസസ്യഗവേഷണകേന്ദ്രം | ആയുർവേദപാഠസൗകര്യങ്ങൾ | 20 ശാഖകൾ, 1200-ൽപരം അംഗീകൃത വിതരണക്കാർ | പി.എസ്.വി. നാട്യസംഘം | വൈദ്യരത്നം പി.എസ്. വാരിയർ മ്യൂസിയം